**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 346 — **18.3.2013- ൽ മറുപടിക്ക്**

## വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്രമന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്താൻ വിവിധ വിജിലൻസ് കോടതികൾ ഉത്തരവിട്ടിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം 4 മന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്താൻ തൃശ്ശൂർ വിജിലൻസ് കോടതിയിൽ നിന്നും ഉത്തരവായിട്ടുണ്ട്. |
| (ബി) അവർ ആരെല്ലാമെന്നും ഓരോ മന്ത്രിമാരുടെയും പേരിൽ എത്ര വീതം വിജിലൻസ് അന്വേഷണം നടത്തുന്നുവെന്നും വ്യക്തമാക്കുമോ; | (ബി)<br>**1. ശ്രീ.കെ.എം.മാണിക്കെതിരായി** തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം 5 സത്വരാന്വേഷണങ്ങൾ നടക്കുന്നു.<br>**2 ശ്രീ. എം.കെ.മുനീറിനെതിരായി** തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം 2 സത്വരാന്വേഷണങ്ങൾ നടന്നു.<br>**3 ശ്രീ.പി.കെ.അബ്ദുറബ്ബിനെതിരായി** തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം 2 സത്വരാന്വേഷണങ്ങൾ നടന്നു.<br>**4. ശ്രീ.അനൂപ് ജേക്കബ്ബിനെതിരായി** തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം 2 സത്വരാന്വേഷണങ്ങൾ നടക്കുന്നു. |
| (സി) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന് സർക്കാർ സർവ്വീസിലെ എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നു; ഇതിൽ ഐ.എ.എസ്; ഐ.പി.എസ്; ഐ.എഫ്.എസ് ഉദ്യോഗസ്ഥർ എത്ര വീതമാണെന്നും ഇവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന് സർക്കാർ സർവ്വീസിലെ 85 ഉദ്യോഗസ്ഥർ വിജിലൻസ് കേസ്/വിജിലൻസ് അന്വേഷണം നേരിടുന്നു. ഒരു ഐ.പി.എസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുണ്ട്. (ശ്രീ.ടോമിൻ ജെ.തച്ചങ്കരി, ഐ.പി.എസ് ) |
| (ഡി) ഏതൊക്കെ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസ്സുകൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) റവന്യൂ വകുപ്പിലെയും പഞ്ചായത്ത് വകുപ്പിലെയും ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾ ഉണ്ടായിട്ടുള്ളത്. |

(signature)

സെക്ഷൻ ആഫീസർ